"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - കൂത്തുപറമ്പ് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.രേഷ്മ വി ആനന്ദിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.479/2024/LBR തീയതി,തിരുവനന്തപുരം, 01-04-2024

---

പരാമർശം:-
1) അക്കൗണ്ടന്റ് ജനറലിന്റെ (എ&ഇ)22.05.2023 ലെ GE06/A/R-838/30695/136 നമ്പർ കത്ത്.
2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 07.12.2023 ലെ ഇ1-1587/2023/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.
3) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 19.01.2024 ലെ ഇ1-1587/2023/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി 25.12.2018 ൽ ജോലിയിൽ പ്രവേശിച്ച ഡോ.രേഷ്മ വി ആനന്ദിന്റെ ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് 25.12.2020 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. ടിയാൾ പ്രൊബേഷൻ കാലയളവിൽ 10 ദിവസത്തെ ആർജ്ജിതാവധി എടുത്തിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പ് തല പരീക്ഷ ടിയാൾ പാസ്സായത് 25.10.2022 ലാണ്. ആയതിനാൽ ഡോ.രേഷ്മ വി ആനന്ദിന്റെ പ്രൊബേഷൻ കാലയളവ് 04.01.2021 മുതൽ 03.01.2022 വരെ ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വ്യക്തിയുടെ പ്രൊബേഷൻ കാലയളവ് 04.01.2022 മുതൽ 27.10.2022 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.രേഷ്മ വി ആനന്ദിന്റെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ 26.10.2022 പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം II, ചട്ടം 21 പ്രകാരം 04.01.2022 to 27.10.2022 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ഡോ.രേഷ്മ വി ആനന്ദ്, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്. (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 01-04-2024 15:39:06
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.